**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 741** **09-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലം പ്രതിസന്ധിയിലായ കലാകാരന്മാർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധി മൂലം കേരളത്തിൽ നിരവധി കലാകാരന്മാർക്ക് കഴിഞ്ഞ 15 മാസമായി തൊഴിൽ നഷ്ടമായിരിക്കുന്നതിനാൽ ഇവരുടെ കുടുംബങ്ങൾ ഇന്ന് നിത്യപട്ടിണിയിലും പലരും ആത്മഹത്യയുടെ വക്കിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കലാകാരന്മാർ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ സജീവ ശ്രദ്ധയിലുണ്ട്. സർക്കാർ ഇക്കാര്യത്തിൽ സമാശ്വാസ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | എങ്കിൽ ഈ പ്രതിസന്ധിയിൽ ഇവരെ സഹായിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായമായി സർക്കാർ 640 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡു മുഖേന ഇതുവരെ ആകെ 4383 പേർക്ക് 2000/- രൂപ വീതം സഹായധനം വിതരണം ചെയ്തിട്ടുണ്ട്. ഇതു കൂടാതെ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കുവാൻ കഴിയാതെ പോയവരും ഇതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകാരന്മാർക്കുംഅനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചത് പ്രകാരം 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുമായി 290.5 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക |

| | | | |
|---|---|---|---|
| | | | അക്കാഡമി നടപ്പിലാക്കിയ സർഗ്ഗഭൂമിക എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കവിയരങ്ങ്, കഥയരങ്ങ്, നൃത്തപരിപാടി, സംഗീത പരിപാടികൾ, പറയൻതുള്ളൽ, നാടകം, നാടൻപാട്ട്, വീണക്കച്ചേരി, തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ച് കലാകാരന്മാരെ സഹായിച്ചിട്ടുണ്ട്. കേരള ലളിത കലാ അക്കാഡമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീട്ടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന നിറകേരളം (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25000/- രൂപ വീതം ഓണറേറിയവും, ക്യാൻവാസും നിറങ്ങൾക്കായി 2000/- രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്ത് നിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1000/- രൂപ വീതം പ്രതിഫലവും നൽകി വരുന്നു. കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ